Veekshanam 08-09-18, P-8

# മസാലക്കൂട്ടുകളിൽ കറുവപ്പട്ടയ്ക്ക് പകരം കാസിയ വ്യാപകം

കാഞ്ഞങ്ങാട്: അയൽസംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന മസാലക്കൂട്ടിൽ കറുവപ്പട്ടയ്ക്ക് പകരം അപരൻ കറുന്നതായി സംശയം. കഴിഞ്ഞ ഓണവിപണി മുന്നിൽക്കണ്ട് വൻ തോതിൽ തമിഴ്നാട്ടിൽ നിന്നുവന്ന കാസിയയാണ് കറുവയ്ക്ക് പകരം വ്യാപകമായി കയറിപ്പോകുന്നുവെന്നാണ് ആക്ഷേപം. അതാകട്ടെ മാരക വിഷം കലർന്നതും. ഇക്കാര്യത്തിൽ ഭക്ഷ്യസുരക്ഷാ വിഭാഗം വേണ്ടത്ര ശ്രദ്ധ കാണിക്കാത്തതും വ്യാജന് വിലസാൻ സൗകര്യമായി.



കറുവപ്പട്ടയ്ക്ക് പകരം ഉപയോഗിക്കുന്ന വിലകുറഞ്ഞതും മാരക വിഷം അടങ്ങിയതുമാണത്രേ കാസിയ. കാസിയ ഉപയോഗം മാരകരോഗങ്ങൾക്ക് കാരണമാകുമെന്ന് സ്ഥിരീകരിച്ച പഠനഫലം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അമേരിക്കയിൽ എലിവിഷമായി നൽകുന്ന കാസിയയാണ് ഇന്ത്യയിൽ കറുവപ്പട്ടയെന്ന വ്യാജേന വിൽക്കുന്നതെന്ന് പഠനങ്ങൾ പറയുന്നു. ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന കാസിയ ദക്ഷിണ അമേരിക്ക, വടക്കൻ അമേരിക്ക, യൂറോപ്പ്, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. അതാണ് ഇവിടെ എത്തുന്നത്.

വൻതോതിൽ എത്തുന്ന കാസിയ തമിഴ്നാട്ടിലെ രഹസ്യകേന്ദ്രങ്ങളിൽ എത്തിക്കും. അവിടെനിന്നും മസാലക്കൂട്ടുകളിൽ ചേർക്കും. അയൽ സംസ്ഥാനത്തുനിന്ന് എത്തുന്ന മസാലകളിൽ കാസിയ ഉണ്ടെന്നാണ് സൂചന. 7.6 ലക്ഷം കിലോ കാസിയയാണ് ഇത്തവണ എത്തിയതെന്നാണ് പുറത്തുവരുന്ന വിവരം. ഇതാണ് കറുവപ്പട്ട എന്ന് പേരിൽ വിപണിയിൽ കിട്ടുന്നതും. ഔഷധനിബിഡമായ കറുവ മരം കേരളത്തിലെ വനങ്ങളിലുണ്ട്.

എന്നാൽ അവ വംശനാശത്തിന്റെ വക്കിലാണ്. ഒറിജിനൽ ഏതെന്നും വ്യാജൻ ഏതെന്നും കണ്ടെത്തുക പ്രയാസമാണ്. മിക്കതും മസാലക്കൂട്ടിൽ ചേർത്തിരിക്കുന്നതിനാൽ സൂക്ഷ്മമായ പരിശോധനയിലേ കണ്ടെത്താനാകൂ. കേരളത്തിൽ കിട്ടുന്ന പട്ട ഏതാണെന്ന് തിരിച്ചറിയാൻ സംസ്ഥാനത്ത് സംവിധാനമില്ല. മൈസൂരിലുള്ള ലാബിൽ അയച്ചാണ് പരശോധന നടത്തുക.

എന്നാൽ അത് പലപ്പോഴും നടക്കാറുമില്ല. അതിനാൽതന്നെ നടപടിയും ഉണ്ടാകാറില്ല. കാസിയ സുഗമമായി പോകുന്നതുമാത്രം മിച്ചം.